അറിയാം പാക്കിസ്ഥാന്... നമ്മുടെ പ്രഹരശേഷി...- വെള്ളാപ്പള്ളി നടേശൻ

എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രം 2019 March 1 Rs. 12.50

# യോഗനാദം

ഗുരു വർഷം 164

## ദേശീയ ജുഡീഷ്യൽ കമ്മീഷൻ നിയമത്തെ കോടതി ഇനിയെങ്കിലും അംഗീകരിക്കണം



ശിവദാസൻ.എ.കെ

# വായനശാല

പാരിങ്കപ്പള്ളിയിലെ വായനശാലക്ക് അജ്ഞാതർ തീയിട്ടതിന് പിറ്റേന്നാണ് കൊച്ചുഹബീബ് മാസ്റ്റർ അന്തരിച്ചത്.

വായനശാലയുടെ അവസാന സെക്രട്ടറിയും സജീവാംഗവും ലൈബ്രേറിയനുമെല്ലാം മാസ്റ്ററായിരുന്നു.

ഇരുട്ട് പിൻമാറി വരുന്ന ഗ്രാമപാതയോരത്ത് വെളുപ്പിനെ ചായക്കട തുറക്കാൻ പോയ ദിവാകരനാണ് ആദ്യം കണ്ടത്.

കത്തിത്തീർന്ന അകത്തളങ്ങളിൽ പല്ലിറുമ്മി ചെറുതായി പുകയുന്ന കുറെ കനലുകളെ ബാക്കിയായിട്ടുള്ളൂ.

കഷ്ടായിപ്പോയി.

മാസ്റ്റർ വായനശാലക്കു നേരെ തിടുക്കപ്പെട്ട് നടന്നു.

അതിന്റെ മുൻ വശത്തെ വാതിൽ തകർപ്പെട്ടിരുന്നു. ഇളം കാറ്റിൽ പാറിപ്പറന്ന് വന്ന ചാരം വാരിപ്പൂശിയ ഒരു കാട്ടുചെടി ചെടിപ്പോടെ മുറ്റത്ത് നിന്നു. കൂടെ കൗതുകത്തോടെ രണ്ടുമൂന്നാളുകളും.

കൊച്ചുഹബീബ് മാസ്റ്ററുടെ പരവേശം കണ്ടാകാം അവരിലൊരാൾ കത്താതെ ബാക്കിയായ ഒരു പ്ലാസ്റ്റിക് കസാര മുറ്റത്തിട്ടു.

"വെഷമിച്ചിട്ടെന്തിനാ മാഷെ, ഇപ്പഴത്തെ തലമുറക്ക് ഇതിലൊന്നും ഒരു താല്പര്യോമില്ല."

വാർഡു മെമ്പർ മാഷെ സമാധാനിപ്പിച്ചു.

ആരോ ചോദിക്കുന്നു. 'കേസാക്കണ്ടെ?'

'ഇതിനിപ്പോ കേസെടുക്കാൻ വകുപ്പുണ്ടോ.' ആളുകൾ വന്നും പോയുമിരുന്നു.

കൊച്ചു ഹബീബ് മാസ്റ്റർക്ക് പുസ്തകകൂമ്പാരത്തിലേക്ക് നോക്കാൻ കരുത്തു കിട്ടുന്നില്ല.

മാസ്റ്ററുടെ മനസ്സിലൊരു ചരിത്രം ഇരമ്പുകയാണ്.

ആദ്യമായി ബാപ്പ ആറ്റക്കോയയുടെ കൈ പിടിച്ച് വായനശാലയിലെത്തിയ ദിനം. അവിടെയിരുന്നൊരാൾ വായനശാലയുടെ ചരിത്രം പറഞ്ഞു തന്നു.

1936 -ൽ തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനവിളംബരം നടന്നതിനു ശേഷമാണ് അതിൽ ആവേശം കൊണ്ട് കുറച്ച് പേർ ചേർന്ന് ആലോചിച്ചത്.

"നമുക്കൊരു വായനശാല തുടങ്ങിയാലോ?"

'എന്തേ?'

"മാറ്റങ്ങളല്ലേ സംഭവിക്കണെ. റോഡിലൂടെ നടക്കാൻ പോലും കഴിയാണ്ടിരുന്ന കൂട്ടരെക്കൂടി അമ്പലത്തില് കേറ്റ്യേക്കണു. എല്ലാം മാറുകയാണ്."

അങ്ങനെയാണ് ആറ്റക്കോയയും മണ്ടുമ്മലെ ഗോപാലനും, കൈതവാറുണ്ണിയും ഒക്കെച്ചേർന്ന് ഒരു വായനശാല സ്ഥാപിച്ചത്.

നവനീതം ഗ്രാമീണ വായനശാല.

അന്ന് കൊച്ചുഹബീബ് മാസ്റ്റർ വരുമ്പോൾ ഒരോട്പുരയായിരുന്നു.

മരറാക്കുകളിലിരുന്ന് കുമാരനാശാനും , ചങ്ങമ്പുഴയും , ഒ. ചന്തുമോനോനും, വിലാസിനിയും ആ പയ്യനെ നോക്കി വെളുക്കെ ചിരിച്ചു.

കൊച്ചു ഹബീബ് അന്ന് മാസ്ററല്ല . വെറുമൊരു വിദ്യാർത്ഥി മാത്രം.

"കുട്ടീനെ എന്താക്കണന്നാ?"

ആറ്റക്കോയയോട് ആരോ ചോദിച്ചു.

"പടച്ചോന്റെ പണി തന്നെ ചെയ്യട്ടെ. അറിവ് പകർന്ന് കൊടുക്കല്."

'അപ്പോ?'

'മാസ്റ്ററാവും. അല്ലാണ്ടെന്താ.'

"കോയാ ജീവൻ രക്ഷിക്കണ ഡോക്ടർമാരും പടച്ചോന്റെ പണി തന്നല്ലേ ചെയ്യണത്."

"ആരെങ്കിലും ജനിച്ച ഒടനെ ഡോക്ടറായിണ്ടോ. ഒത്തിരി മാസ്റ്റർമാര് പഠിപ്പിക്കാണ്ട് ആരെങ്കിലും ഡോക്ടറോ, വക്കീലോ ആയിണ്ടാ."

ദിവാകരന് അല്പം സങ്കടം തോന്നി. പണ്ടുകാലത്തേതു പോലെ സജീവമല്ലെങ്കിലും , എന്നും തുറക്കാറില്ലെങ്കിലും, ഒരിക്കൽ പോലും അകത്ത് കയറിട്ടില്ലെങ്കിലും ദിവാകരന് എന്തൊക്കെയോ ആയിരുന്നു വായനശാല.

"കൊച്ചുഹബീബ് മാസ്റ്ററെ അറിയിച്ചോ? " ആരോ ചോദിച്ചു.

അതൊന്നും അറിയില്ല.
മാസ്റ്ററ് പതിവുചായക്ക് വരണ്ട സമയായില്ലേ.

ചായക്കടയുടെ ചുമരിലെ ക്ലോക്ക്, മണി ഏഴ് മുപ്പത് എന്ന് കാണിച്ചു. വെയിൽ പരന്നു തുടങ്ങിയ വാതില്ക്കൽ പരിഭ്രാന്തമായ ഒരു മുഖം തെളിഞ്ഞു.

"കേട്ടത് നേരാണോ ദിവാകരാ." കൊച്ച് ഹബീബ് മാസ്റ്ററുടെ തൊണ്ടയിടറി.

"നേരാ മാഷേ, ഏത് തെണ്ടികളാ ചെയ്തേന്നെ അറിയേണ്ടു."

പതിവു ചായക്കു നിൽക്കാതെ

ആറ്റക്കോയയുടെ മറുചോദ്യത്തിനു മുന്നിൽ കുസൃതിച്ചോദ്യം നിശബ്ദമായി.

കൊച്ചു ഹബീബിനെ കണ്ട് ചിരിച്ച ആശാനും ചങ്ങമ്പുഴയും ആദ്യദിവസങ്ങളിലെ കൂട്ടുകാരായി.

"പുസ്തകങ്ങൾക്ക് ജാതിയോ, മതോ ഇല്ല."

ആറ്റക്കോയ പറഞ്ഞു.

"അപ്പോ വേദപുസ്തകത്തിനോ." അതിനൂല്യ. ആറ്റക്കോയ ഉറപ്പിച്ചു.

പിന്നെ.

"ഏത് പുസ്തകോം ആർക്കും വായിക്കാം. സ്വന്താക്കാം. സൂക്ഷിച്ചു വെക്കാം. അത് മുഴോൻ മനുഷ്യർക്കുമൊള്ളതാണ്."



ഒന്ന് കൂടി കടത്തി ആരോ പറഞ്ഞു.

"ദൈവംന്ന് വച്ചാ അറിവ് തന്നേണ്."

ആറ്റക്കോയ വിശദീകരിച്ചു.

"മനുഷ്യൻമാർക്ക് അറിയാത്തതെല്ലാം പറഞ്ഞ് തരണത് ദൈവത്തിന്റെ പ്രവാചകൻമാരല്ലേ."

"അപ്പോ ദൈവംന്ന് വച്ചാ ഒരു വലിയ അറിവാണ്."

ഈ വേദാന്തം തലക്ക് പിടിക്കാതെ പലരും പുറത്തേക്കിറങ്ങിപ്പോയി.

പക്ഷേ കുഞ്ഞായിരുന്ന കൊച്ചു ഹബീബിന് അത് ഉള്ളിൽ തറച്ചു.

"ദൈവം എന്ന് വച്ചാ ഒരു വലിയ അറിവാണ്. നമുക്ക് എത്ര വായിച്ച് പഠിച്ച് എടുത്താലും തീരാത്ത ഒന്ന്.'

ഒരു വായനശാല വളരുന്നത് റാക്കുകളിൽ നിന്ന് ചില്ലുകൂട്ടിലേക്ക് പുസ്തകങ്ങൾ മാറുമ്പോഴല്ല. ഓടുമേൽക്കൂര മാറ്റി കോൺക്രീറ്റു പുര പണിയുമ്പോഴുമല്ല. അത് അന്നാട്ടിലെ ജനങ്ങളുടെ പെരുമാറ്റം കൊണ്ടാണ് തിരിച്ചറിയാനാകുക. തളരുമ്പോഴും അങ്ങനെ തന്നെ.

ഇക്കാര്യം മറ്റാരേക്കാളും കൊച്ചു ഹബീബ് മാസ്റ്റർക്ക് നന്നായറിയാമായിരുന്നു.

ആശാന്റെയും ഗുരുദേവകൃതികളുടെയുമൊപ്പം എ. അയ്യപ്പനും, കടമ്മനിട്ടയും, ഒ.എൻ.വിയും, പി. കുഞ്ഞിരാമൻ നായരും വിരസമായ ഇടവേളകൾക്ക് സംഗീതം കൊടുത്തു.

കഥാചർച്ചകളിൽ പങ്കെടുത്ത് പല വട്ടം ബഷീറും , തകഴിയും , കേശവദേവും അലമാരകളിലിരുന്ന് പിണങ്ങിപ്പിരിഞ്ഞു. അവിടേക്ക് വിജയനും , ആനന്ദും , മുകുന്ദനും, വൈക്കം ചന്ദ്രശേഖരൻ നായരും എം.ടി യുമൊക്കെ വന്നു.

നാടകക്കളരിയിൽ എൻ.എൻ, പിള്ള മുതൽ സി.എൽ. ജോസ് വരെ. നാടകങ്ങൾ വായനശാലയുടെ നാലു ചുമരും കടന്ന് തട്ടിലേറി. സി.എൽ ജോസിന്റെ ഒരു നാടകത്തിലെ നായകനും നായികയും നാടകം കഴിഞ്ഞിട്ടും

അതറിയാതെയെന്നോണം ഒരു രാത്രിവണ്ടി കയറി ഒളിച്ചോടിപ്പോയി.

പ്രണയ നാടകങ്ങളുടെ ഇത്തിരിപ്പൊക്കത്തട്ടിനു മുന്നിൽ രണ്ടായി പകുത്തു കെട്ടിയ കയറിനപ്പുറത്തേക്കും ഇപ്പുറത്തേക്കും സഞ്ചരിച്ച ആൺകണ്ണുകൾക്കും പെൺകണ്ണുകൾക്കും കണക്കില്ല. അവയിൽ ചിലത് കൂട്ടിമുട്ടി. തീയും പുകയുമായി പ്രവചനാതീതമായ സംഭവങ്ങളിലേക്ക് പടർന്നുപോയി. ചിലത് ഒരു നെരിപ്പോടു മാത്രമായി മനസ്സുകളിലേക്ക് ഒതുങ്ങിക്കൂടി.

നാട്ടിൽ മേധാവിത്വവുമുള്ളവർ വായനശാലാഭാരവാഹികളാകാൻ മത്സരിച്ചു. ജയിച്ചവർ പേരിനൊപ്പം ഇത്ര കൂടി ചേർത്തു പറഞ്ഞു.

നവനീതം വായനശാലേടെ സെക്രട്ടര്യാണ്.

മുട്ടത്തു വർക്കീടെ വെളുത്ത കത്രീന ഖസാക്കിന്റെ ഇതിഹാസത്തോട് റാക്കിൽ ചേർത്തുവെച്ചതിന് വഴക്കുണ്ടായി. മാതൃഭൂമി അഴ്ചപതിപ്പിനൊപ്പം മംഗളം വാരിക വെച്ചതിനുമുണ്ടായി വഴക്ക്.

കോട്ടയം പുഷ്പനാഥിന്റെ ആരാധകരും , ഒ.വി. വിജയന്റെ ആരാധകരും തമ്മിൽ പരസ്പരം തരം കിട്ടുമ്പോഴൊക്കെ പറഞ്ഞ് തർക്കിച്ചു. പമ്മന്റെ ഒരു നോവൽ വായിച്ചു എന്ന കുറ്റം ആരോപിക്കപ്പെട്ട പെൺകുട്ടിയെ തരം കിട്ടിയപ്പോഴൊക്കെ ആളുകൾ പറഞ്ഞ് കളിയാക്കി. പിന്നെയും തളർന്നുപോയ നാടകത്തിന്റെ സ്ഥാനത്ത് മുപ്പത്തി അഞ്ച് എം.എം, ഫിലിമുമായി പൂനം റഹീം വന്നു. കള്ളിയങ്കാട്ടു നീലി മുതൽ അഗ്രഹാരത്തിൽ കഴുത വരെ മുപ്പത്തി അഞ്ച് എം. എം ൽ നാട്ടുകാർ കണ്ടു.

പതിയെ പതിയെ കാറ്റ് മാറി വീശുകയായിരുന്നു.

ആദ്യം മരിച്ചത് തട്ടിൽ നിന്ന് അകത്തേക്ക് കയറിയ നാടകങ്ങളായിരുന്നു. മൗനത്തിന്റെ മഹാസമാധിയിലേക്ക് ബഷീറും പൊൻകുന്നവും , വിജയനും മറഞ്ഞു.

ആരോ പറഞ്ഞു.

“ഇതൊക്കെ നോക്കി നടത്താൻ നമ്മുടെ കൊച്ചു ഹബീബ് മാസ്റ്ററന്ന്യാ നല്ലത്. അങ്ങോർക്കാവുമ്പോ അത് വെടിപ്പായിട്ട് ചെയ്യാനറിയാം. അങ്ങനെയാണ് കൊച്ചു ഹബീബ് മാസ്റ്റർ അവസാനത്തെ സജീവാംഗവും ലൈബ്രേറിയനും സെക്രട്ടറിയുമായത്.”

പാരിങ്കപ്പള്ളിയിലെ ജുമാമസ്ജിദിലെ ബാങ്ക് വിളിയും ദേവീക്ഷേത്രത്തിലെ കീർത്തനവും തമ്മിൽ മുമ്പെങ്ങുമില്ലാത്ത വിധം സ്വരചേർച്ചയില്ലാതായെന്ന് ആരൊക്കെയോ പറഞ്ഞു നടക്കാൻ തുടങ്ങിയിരുന്നു.

ആയിടക്കാണ് കൊച്ചുഹബീബ് മാസ്റ്റർക്ക് ഓർക്കാപ്പുറത്ത് രണ്ടതി



ഥികളെ കിട്ടിയത്. നൂറുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥി മുഹമ്മദ് ഫൈസലും ശ്രീരാമവിലാസം ഇന്റർനാഷണൽ സ്കൂളിലെ അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥി അർജ്ജുൻദേവുമായിരുന്നു അത്.

രണ്ട് സ്കൂൾബസ്സുകളും വായനശാലക്കുമുന്നിലുള്ള റോഡിൽ വെച്ചാണ് കുട്ടികളെ ഇറക്കാറുണ്ടായിരുന്നത്. പലപ്പോഴും ഈ രണ്ടു ബസ്സുകൾ ഒരുമിച്ചുവന്നതുകൊണ്ടാണ് അവർ തമ്മിൽ കാണാനിടയായതും.

അന്ന് വിളിക്കാതെ വന്ന ഒരു ചാറ്റൽമഴയെ പേടിച്ചാണ് കുട്ടികൾ വായനശാല വരാന്തയിൽ നിന്നത്. മഴ തീരാൻ കാത്തു നിന്ന അവരെ മാസ്റ്റർ വായനശാലക്കകത്തേക്ക് ക്ഷണിച്ചു.

റാക്കുകളിൽ അടുക്കടുക്കായി സ്വപ്നം കണ്ടിരുന്ന പുസ്തകങ്ങളെ കണ്ട് അവരതിശയിച്ചു. എന്നും കാണാറുണ്ടായിരുന്നെങ്കിലും ഈ കെട്ടിടത്തിനകത്ത് ഇങ്ങനെയൊന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല.

മഴ തീർന്ന് പോകാൻ നേരം മാഷ് അവരുടെ കൈയ്യിൽ ഓരോ പുസ്തകം വെച്ചു കൊടുത്തിട്ടു പറഞ്ഞു.

"വായിച്ചിട്ട് തിരിച്ചു കൊണ്ടു വരണം."

മുഹമ്മദ് ഫൈസലിന് മാലി ഭാഗവതവും അർജ്ജുൻദേവിന് മലയാളത്തിലുള്ള ഖുറാൻ കഥകളുമായിരുന്നു മാസ്റ്റർ നൽകിയത്.

പിറ്റേന്നിന്റെ പിറ്റേന്ന് മുഹമ്മദ് ഫൈസലിന്റെ അമ്മ റുഖിയയും അർജുൻ ദേവിന്റെ അമ്മ ശാരദയും മാസ്റ്ററെ കാണാൻ വന്നു.

ഒരു കാലത്ത് മാസ്റ്ററുടെ വിദ്യാർത്ഥിനികളായിരുന്നു എന്ന വിനയം ബാക്കി വെച്ച് അവർ പുസ്തകങ്ങൾ തിരിച്ചു കൊടുത്തു.

റുഖിയ ഒന്നുകൂടി തെളിച്ചു പറഞ്ഞു.

"മാസ്റ്റർക്കറിയാല്ലോ ഇത് പണ്ടത്തെകാലത്തെ സ്ലേറ്റും പൂവൻകോഴീടെ പടമുള്ള ഒരു പുസ്തകോം വെച്ചോള്ള പഠിപ്പല്ല. വല്യ പഠിപ്പാണ്. സ്കൂളിലൊള്ളത് തന്നെ പഠിച്ച് തീർക്കാൻ പറ്റിണില്ല. അപ്പഴാ വായനാശാലേലെ പുസ്തകം. മാഷ് വേണ്ടാത്ത ശീലോന്നും പഠിപ്പിക്കാൻ നിക്കണ്ട.'

തന്റെ മകന് മാലി ഭാഗവതം നൽകിയതിന് റുഖിയയും, ഖുറാൻകഥ നൽകിയതിന് ശാരദയും പറയാതെ പറഞ്ഞ ചീത്ത മുഴുവൻ മാസ്റ്റർ അവരുടെ കനത്ത മുഖത്ത് നിന്ന് കേട്ടു.

അന്ന് രാത്രിയാണ് പാരിങ്കപ്പള്ളിയിലെ ആദ്യത്തെ കലാപം പൊട്ടിപ്പുറപ്പെട്ടത്.

മാനത്ത് കത്തി നിന്ന നക്ഷത്രങ്ങൾ താഴെ വീണു പൊട്ടിത്തെറിച്ചപോലെ മിന്നലായിരുന്നു എങ്ങും.

എട്ട് മനുഷ്യർക്ക് പരിക്കേറ്റു. നാല് നാല്ക്കാലികളെ കാണാതായി. ഇരുപത്തേഴു വീടുകൾ തകർത്തു. പത്ത് കാറും എട്ടു ബൈക്കും കത്തിച്ചു. നാട്ടിൽ പറയുന്നതും കേൾക്കുന്നതുമെല്ലാം കല്ലു വെച്ച നുണകളായി. കലാപത്തിന്റെ ബാക്കിപത്രം ഇത്രയുമായിരുന്നു.

ഇളം പച്ചയിൽ നിറയെ കറുത്ത മറുകുള്ള യൂണിഫോം ധരിച്ച കേന്ദ്രപോലീസുകാർ നീലവണ്ടിയിലേറി വന്നു.

മുറവിളി പോലെ ഒരു ശബ്ദം ബൂട്ടുകളുടെ അമർത്തിച്ചവിട്ടിനൊപ്പം നാടിനെ കടന്നുപോയി.

ഫോഴ്സ് ക്വിക്ക് മാർച്ച് , ലെഫ്റ്റ് ,റൈറ്റ്, ലെഫ്റ്റ്.

പോലീസുകാരുടെ തോളിൽ തൂങ്ങിയ തോക്ക് ആകാശത്തേക്ക് നോക്കി ഉന്നം പിടിച്ചു കിടന്നു. പാരിങ്കപ്പള്ളിയുടെ മാനത്തു നിന്നും കിളികൾ വഴിയൊഴിഞ്ഞു പറന്നു.

തെക്കു നിന്നും വടക്കു നിന്നും പലരും പാരിങ്കപ്പള്ളിയിലെത്തി. വായനശാലയുടെ ഉമ്മറത്തിരുന്ന് അവർ സൗഹാർദ്ദത്തെക്കുറിച്ച് പറഞ്ഞു. മലിനമാക്കപ്പെട്ട മനസ്സുകളെ വെളുപ്പിക്കാൻ വായനശാല പുനരുദ്ധരിക്കേണ്ടുന്നതിനെക്കുറിച്ച് ചർച്ചകളുണ്ടായി. ഏതാനും പേർ കൊച്ചുഹബീബ് മാസ്റ്ററോടൊപ്പം സഹകരിക്കുന്നതിന് തയ്യാറായി മുന്നോട്ടു വന്നു. കാര്യങ്ങൾ അങ്ങനെ മുന്നോട്ടു പോകുമ്പോഴാണ് നിനച്ചിരിക്കാതെ വായനശാലയിൽ തീ വീണത്.

"മാഷ് വീട്ടിപ്പൊക്കോ. ഇതെന്തൊരിപ്പാണിത്. നമുക്കെന്തെങ്കിലും വഴിയുണ്ടാക്കാം."

വാർഡ് മെമ്പർ മാസ്റ്ററെ തട്ടി വിളിച്ചു.

അയാൾക്കെവിടേക്കോ പോകാനുണ്ടെന്ന് തോന്നി.

മാസ്റ്റർ മെല്ലെയെഴുന്നേറ്റ് വായനശാലക്കകത്തേക്ക് കയറി.

നെഞ്ചു പിളർന്നൊരു അലമാര മരിച്ചുകിടന്നിരുന്നു.

ഉള്ളു കരിഞ്ഞുപോയ പുസ്തകങ്ങളുടെ തോൽചട്ടകളിൽ മരണഗന്ധം പതിയിരുന്നു.

മാഷ് നിലത്തിരുന്ന് ചാരക്കൂനയിൽ തപ്പാൻ തുടങ്ങി. അറ്റം കത്തിയതും പൊടിയാൻ തുടങ്ങിയതുമായ കടലാസുകൂട്ടങ്ങൾ കൈയ്യിൽതടഞ്ഞു.

കൗതുകത്തോടെ നോക്കിനിന്നവരോട് മാഷ് അന്വേഷിച്ചു.

'ഒരു ചാക്ക് കിട്ട്വോ?'

ഒരു ചാക്ക് നിറച്ച് പാതി കത്തിയ കടലാസുകളുമായി മാസ്റ്റർ വീട്ടിലെത്തിയപ്പോൾ ഉച്ച കഴിഞ്ഞിരുന്നു.

പിൻവശത്തെ മുറിയിൽ ചാക്കിൽനിന്നുതിർത്തിട്ട കടലാസുകെട്ടുമായി ജലപാനമില്ലാതെ മാസ്റ്റർ ഇരുന്നു.

എപ്പോഴൊ മകൻ ഉസ്മാൻ എത്തിനോക്കിയതും ചിറികോട്ടിയതും മാസ്റ്റർ കണ്ടില്ലെന്നു നടിച്ചു.

മാസ്റ്റർ രാമായണവും മഹാഭാരതവും വീട്ടിൽ സൂക്ഷിച്ചതിന് വഴക്കുണ്ടാക്കിയതാണവൻ.

മാസ്റ്ററുടെ മനസ്സിൽ മറ്റൊരു മുള്ളു വന്നു വീണു.

ആറ്റക്കോയയുടെ മകൻ ബാപ്പ വരച്ച വരയിൽ നിന്ന് ഒരണുവിട മാറിയില്ല. പക്ഷേ തന്റെ മകൻ തന്റെ വഴിയിലെങ്ങുമില്ലല്ലോ.

കരിപുരണ്ട പുസ്തകങ്ങളിലൊന്നിലെ ബാക്കിയായ പേജിലെ വാക്കുകൾ മാസ്റ്റർ വായിക്കുവാൻ തുടങ്ങി.

"ഓർഫല്ലീസിലെ ജനങ്ങളെ !

നിങ്ങൾക്ക് പെരുമ്പറയെ നിശബ്ദ മാക്കാം. വല്ലകിയുടെ തന്ത്രികൾ അയച്ചിടാം. എന്നാൽ വാനമ്പാടി യോട് പാടരുതെന്ന് ആര് ആജ്ഞാ പിക്കും."

ഖലീൽ ജിബ്രാന്റെ പ്രവാച കനായിരുന്നു അത്.

മാസ്റ്റർ പേജുകൾ ഓരോന്നായി വായിക്കുവാൻ തുടങ്ങി. പുറത്ത് പകലൊടുങ്ങാൻ തുടങ്ങിയിരുന്നു. ആശാന്റെ നളിനിയുടെ ബാക്കി യായ പേജിൽ മാസ്റ്റർ ഇങ്ങനെ വായിച്ചു.

"സ്വന്തകർമ്മവശരായ് തിരി ഞ്ഞിടു

നന്തമറ്റ ബഹുജീവകോടികൾ

അന്തരാളഗതിതന്നിലൊ ന്നൊടെ

രന്തരപ്പെട്ടു മണുക്കളാണു നാം."

അത് വായിച്ചു തീർന്നയുടനെ മുറിക്കു നടുവിലിട്ടിരുന്ന കസാര യിൽ ഒരാൾ ഇരിക്കുന്നതായി മാസ്റ്റർക്ക് തോന്നി.

മാസ്റ്റർ സൂക്ഷിച്ചു നോക്കി. അതേ രൂപം, ചിത്രങ്ങളിൽ കാണുന്ന അതേ ഭാവം. ശാന്തഗം ഭീരനായി മഹാകവി കുമാരനാ ശാൻ.

ആശാൻ നിശബ്ദനായിരുന്നു , മാസ്റ്ററും. മൗനം വാചാലമാകു ന്നതും അതിൽ നിന്ന് ലക്ഷണ മൊത്ത വാക്യങ്ങൾ അനർഗ്ഗളമായി ഒഴുകുന്നതും മാസ്റ്റർ അറിഞ്ഞു. പല പുസ്കങ്ങളിലെയും ഓരോ പേജുകൾ വായിക്കുമ്പോഴും പിന്നെ ഓരോരുത്തരായി പ്രത്യക്ഷ പ്പെടാൻ തുടങ്ങി. ബഷീറും, ദൊസ്തോവ്സ്കിയും എമിലി ബ്രോണ്ടിയും വരെ.

ഒടുവിൽ ആത്മോപദേശശതക ത്തിന്റെ ഒരേട് കൈയ്യിൽതടഞ്ഞ പ്പോൾ മാസ്റ്റർ കൗതുകത്തോടെ ചുറ്റും നോക്കി.

മുറിക്കകത്തേക്ക് ഒരു തണുത്ത കാറ്റ് കയറി വന്നു. നിലാവ് പരന്ന മുറ്റം കൂടുതൽ കാണായി. അപ്പോൾ വാതിൽക്കൽ നാരായണ ഗുരുവിന്റെ കാവി പുതച്ച രൂപം തെളിഞ്ഞു.

ആരോടും ചോദിക്കാത്തൊരു ചോദ്യം മാസ്റ്റർ ഗുരുദേവനോട് ചോദിച്ചു.

"ഗുരോ, ആരിത് ചെയ്തെന്നാ ണ്?"

കത്തിക്കരിഞ്ഞ പുസ്തകക്കെട്ടു കളിലേക്ക് ഗുരു അനുകമ്പയോടെ നോക്കി.

"പുസ്തകം കത്തിക്കാൻ നല്ലവ രുടെ വലംകൈ പൊങ്ങുമോ, പാപത്തിന്റെ കറ തേച്ചാലും കുളി ച്ചാലും പോകില്ല. ആ കൈ കരി പുരണ്ടു തന്നെയിരിക്കും."

മാക്ബത്തിന്റെ ചിത്രം



മാസ്റ്റർക്കുള്ളിൽ തെളിഞ്ഞു. എത്രയോ കഴുകിയിട്ടും ചോരപ്പാടുകൾ മായാത്ത കത്തി ചരിത്രത്തിലൂടെ സഞ്ചരിക്കുന്നത് മാസ്റ്റർ കണ്ടു. താനിതേ വരെ ഉഴറിയ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയ സമാധാനത്തിൽ ഇരിക്കവെ കണ്ണുകളിൽ പതിയിരുന്നൊരു അർദ്ധമയക്കം നൊടിയിടയിൽ മാസ്റ്ററെ ഉറക്കികളഞ്ഞു.

പിറ്റേന്ന് രാവിലെ പതിവിലും നേരത്തെയാണ് മാസ്റ്റർ ചായകുടിക്കാനിറങ്ങിയത്. കവലയിൽ പലരും കൂടി നിൽക്കുന്നു. ഒരു കൂട്ടത്തിൽ നിന്ന ഉസ്മാൻ തന്നെ കണ്ട് മാറിക്കളഞ്ഞത് മാസ്റ്റർ ശ്രദ്ധിച്ചു.

• ദിവാകരന്റെ കട അടച്ചിട്ടിരുന്നു."

"ഇന്ന് കട തൊറക്കില്ല ഹർത്താലാ.

കൂടി നിന്നവരിലൊരാൾ മാഷോട് പറഞ്ഞു.

"ഹർത്താലോ, എന്തിന്?"

"വായനശാല കത്തിച്ചതിനെതിരായിട്ട്."

"അതിനാര് കത്തിച്ചൂന്നാ?"

"മറ്റോര് തന്നെ അല്ലാണ്ടാരാ." അയാൾ റോഡിനപ്പുറത്തേക്ക് കൈ ചൂണ്ടി.

കുറെ പേർ അവിടെയുമുണ്ടായിരുന്നു. ഒരോ കൂട്ടരെയും തിരിച്ചറിയാവുന്ന ചിഹ്നങ്ങൾ വിശ്വാസത്തിന്റെ ഭാഗമായെന്നോണം സുലഭമായിരുന്നു.

റോഡ് മുറിച്ചു കടന്ന മാസ്റ്ററോട് അപ്പുറത്ത് നിന്നവർ പറഞ്ഞു.

ഞങ്ങളും ഹർത്താല് പ്രഖ്യാപിച്ചിട്ടുണ്ട്. വായനശാല കത്തിച്ചത് ആരാവും എന്ന് ഞങ്ങൾക്കുറപ്പുണ്ട്.

ഇരു ആൾക്കൂട്ടത്തെയും മാസ്റ്റർ സൂക്ഷിച്ചു നോക്കി.

അവരെല്ലാം ഇടം കൈയ്യിൽ എന്തൊക്കെയോ മറച്ചു പിടിച്ചിരുന്നു.

അവയെല്ലാം ആയുധങ്ങളായിരുന്നു എന്നും അവരെല്ലാം ഇടം കൈയ്യൻമാരായിരുന്നു എന്നും മാസ്റ്റർ ഉൽക്കിടിലത്തോടെ മനസ്സിലാക്കി.

ഒരാവേശത്തിന് മാസ്റ്റർ പിന്നെയും സൂക്ഷിച്ചു നോക്കി.

ആ കൈകളിലെല്ലാം കരിപ്പാടുകൾ മാസ്റ്റർ കണ്ടു.

മാസ്റ്ററുടെ മനസ്സിൽ ഒരു കടലിരമ്പി. നിയന്ത്രണം വിട്ടു കളിക്കുന്ന കുട്ടികളെ ചെറുക്കുന്ന ഒരധ്യാപകനായി മാസ്റ്റർ മാറി. കൈയ്യിൽ തടഞ്ഞ വടിയുമായി മാസ്റ്റർ ആൾകൂട്ടത്തിനിടയിലേക്ക് ചാടി.

"ഇബിലീസുകളെ അക്ഷരം കത്തിച്ചതും പോരാണ്ട് നാട് കത്തിക്കാനിറങ്ങീരിക്ക്യാ."

ആൾകൂട്ടം ഒരു വേള പകച്ചു നിന്നു. പിന്നെയവർ ഒറ്റ കെട്ടായി മാസ്റ്ററെ തുറിച്ചു നോക്കി.

ആരുടേയോ ഒരു ചവിട്ടിൽ മാസ്റ്റർ റോഡരികിലേക്ക് വീണു.

മങ്ങിപോകുന്ന ഓർമ്മയിലേക്ക് ഏതോ ദേവാലയത്തിൽ നിന്നെത്തിയ കീർത്തനത്തിന്റെ അവസാനവരി മുഴങ്ങി.

അപ്പോൾ നേരം വെളുത്തതുകൊണ്ടു മാത്രം കറുത്തു കാണായ ഒരു കാക്ക കാറിക്കരഞ്ഞുകൊണ്ട് തെക്കോട്ടേക്ക് പറന്നുപോയി. ■


Established in 1899. Valavi & Co. has been a desired choice for the best of wedding cards, Equipped with an own print house and team of expert designers, the company provides a versatile range of options that can suit the pocket of every customer. The company also deals in machinery, paper items and stationery goods. The cards sold at Valavi come with a range of attractive features. Choose from a variety of designs and layout styles having scrolls, silver & gold lining etc. Our designers also welcome your design concepts for creating the card of your desire. We offer the best of print services such as foil printing. embossed printing, screen printing, letter press printing at attractive rates. The 100 years of trust we enjoy, stand testimony of our endeavour to deliver the best.

Every wedding has a story to tell. The one event in your life that ought to be glorious is your wedding. We at Valavi specialize in planning modern, exceptional and chic weddings merged with traditional wedding planning and etiquette.



VALAVI Cards

Valavi Towers, Opp. S. I. Flats, Providence Road
Ernakulam-18, Ph: 0484 2393018, 2393019
Near Market Bridge, Broadway, Ernakulam
Ph:0484 2353765, 2374985, 2371201

OUR EXCLUSIVE DISPLAY AT

Trivandrum Ph:0471 2571105, Kollam Ph: 0474 2760996, Adoor Ph: 04734 228990, Kayamkulam Ph: 7560979899, Thodupuzha Ph: 04862 224970, N. Paravur Ph: 0484 4010134, Angamaly Ph: 0484 2454398, Palakkad Ph: 0491 2545212, Calicut Ph: 0495 2766655, Trichur Ph: 0487 2322182, Kottakkal Ph: 0483 3213355, Kannur Ph: 0497 2765475, Kanhangad Ph:0467 2206838